# ഒരു സമർപ്പണ രേഖ

മാറ്റത്തിന്റെ പുസ്തകമാണ് പ്രവൃത്തികൾ. തീരുമാനം - എടുക്കുന്ന ഒരു സമയം അതു രേഖപ്പെടുത്തുന്നു, “ഇപ്പോൾ അനുസരിക്കുക” അല്ലെങ്കിൽ യേശുവിന്റെ വിളിയെ ത്യജിക്കുക. അപ്പൊസ്തലന്മാരുടെ തുടർച്ചയായ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും ദൈവത്തിന്റെ കൃപാ ശക്തിയിലേക്കു വലിക്കുന്നതിനോടുള്ള അവരുടെ അപേക്ഷയോടു സ്ത്രീപുരുഷന്മാർക്കുള്ള പ്രതികരണവും വെളിപ്പെടുത്തുന്നു. യേശുവിന്റെ കഥ ശക്തവും അടിയന്തിരവുമായ മാറ്റങ്ങൾക്കുള്ളതാണെന്ന സത്യത്തിൽ വായനക്കാരൻ എത്തും.

പുസ്തകം ഇടക്കൊരു സ്ഥാനം നല്കുന്നില്ല - തീരുമാനം നീട്ടിവെക്കുന്ന ആൾക്കു സുരക്ഷിത സ്വർഗ്ഗം അല്ല, സംശയാലുവിനു ആശ്വാസമല്ല, ഏതെങ്കിലും മാർഗ്ഗ - മദ്ധ്യേ - ഉള്ള - പ്രശ്ന പരിഹാരം അല്ല പുസ്തകം നല്കുന്നത്. ഓരോ സംഭവവും പറയുന്നത് ഉറപ്പായ സമർപ്പണമോ അല്ലെങ്കിൽ തിരസ്ക്കരണമോ, ചിലപ്പോൾ കോപാ കുലമായ എതിർപ്പ് ഉപദേഷ്ടാവിനു ഉപദ്രവവും ഏല്ക്കേണ്ടിവന്നു. ഇതു യേശുവിന്റെ പ്രസ്താവനയുടെ തെളിവാണ് ‘‘എനിക്കു അനുകൂലമല്ലാത്തവൻ എനിക്കു പ്രതികൂലമാകുന്നു; എന്നോടുകൂടെ ചേർക്കാത്തവൻ ചിതറിക്കുന്നു” (മത്തായി 12:30).

### ആദ്യ ശിഷ്യന്മാരുടെ സമർപ്പണം

യേശുവിന്റെ ജീവിതത്തിലെ മൂർദ്ധന്യാവസ്ഥയെത്തിയപ്പോൾ അപ്പൊസ്തലന്മാർ ക്ഷീണിതരായി, കലക്കത്തിലും, ചഞ്ചലപ്പെട്ടും, ചിലപ്പോൾ ഭീരുക്കളായും കാണപ്പെട്ടു. തോട്ടത്തിൽ വെച്ചു യേശുവിനെ പിടിച്ചപ്പോൾ, അവർ എല്ലാവരും അവനെവിട്ട് ഓടിപ്പോയി (മത്തായി 26:56; മർക്കൊസ് 14:50). പത്രൊസ് ദൂരെ മാറി അനുഗമിച്ചു (മർക്കൊസ് 14:54; ലൂക്കൊസ് 22:54), പിന്നെ അവൻ യേശുവിനെ അറിയുകയില്ല എന്നു പറഞ്ഞു പ്രാകുവാനും തുടങ്ങി (ലൂക്കൊസ് 22:60). യോഹന്നാൻ 18:15, 16-ൽ, പേർ പറയാത്ത ആൾ യോഹന്നാൻ ആയിരുന്നെങ്കിൽ, അവൻ യേശുവിനോടുകൂടെ മഹാ പുരോഹിതന്റെ മറ്റത്തെത്തി, മഹാപുരോഹിതനെ പരിചയമുണ്ടായിരുന്നതുകൊണ്ട് പുറത്തുപോയി. പിന്നീട്, പത്രൊസിനെയും വിളിച്ചു അകത്തു കൊണ്ടുവന്നു. എങ്ങനെയായാലും, അവരും യേശുവിനു വേണ്ടി പ്രതിരോധിക്കയോ യേശുവിനെ സംബന്ധിച്ചു തീരുമാനം എടുക്കുന്ന തിൽ പിലാത്തൊസിനെ തടയുകയോ ചെയ്തതായി പറയുന്നില്ല. അവർ അവന്റെ ക്രൂശ് ചുമക്കാൻ സഹായിക്കയോ, അവന്റെ ശരീരം അടക്കം ചെയ്യുന്നതിനു സഹായിക്കയോ ഉണ്ടായില്ല (ലൂക്കൊസ് 23:50-53)!

ഇതേ മനുഷ്യൻ പിന്നീട് അവന്റെ ഉയിർത്തെഴുന്നേല്പിനു മികച്ച സാക്ഷ്യം, ശക്തിയോടെ നല്കുകയും ചെയ്തു (പ്രവൃത്തികൾ 4:33). ഉപദ്രവം നേരിട്ടപ്പോൾ, തുടർന്നു യേശുക്രിസ്തുവിനെ പ്രസംഗിക്കേണ്ട തിനു ധൈര്യം ലഭിക്കുവാൻ അവർ പ്രാർത്ഥിച്ചു, അങ്ങനെ ചെയ്യരുതെന്നു വിലക്കിയിട്ടു പോലും (പ്രവൃത്തികൾ 4:29). യേശുവിന്റെ നാമ ത്തിൽ അശേഷം സംസാരിക്കുന്നതെന്ന് അവരോട് അമർച്ചയായി പറഞ്ഞിരുന്നു (പ്രവൃത്തികൾ 4:18), എന്നാൽ അവർ യെഹൂദ ഉദ്യോഗസ്ഥരേക്കാൾ യേശുവിനെ അനുസരിച്ചു (പ്രവൃത്തികൾ 4:19, 20; 5:28, 29).

ഈ അപ്പൊസ്തലന്മാർ വർദ്ധിക്കുന്ന ഉപദ്രവങ്ങളെ തുടർന്നു പ്രതിരോധിച്ചു കൊണ്ടിരുന്നു. അവരെ പിടിച്ച് തടവിലാക്കിയെങ്കിലും, ദൂതൻ അവരെ മോചിപ്പിച്ചതുകൊണ്ട് അവർ തുടർച്ചയായി പ്രസംഗിച്ചുകൊണ്ടിരുന്നു (പ്രവൃത്തികൾ 5:18–20). ന്യായാധിപ സഭയുടെ മുമ്പാകെ കൊണ്ടുവന്നപ്പോൾ, അവരെ ചോദ്യം ചെയ്യുകയും, ശാസിക്കയും, തർജ്ജനം ചെയ്യുകയും, അവസാനം നിയമ വിരുദ്ധമായി ചാട്ടവാറുകൊണ്ട് അടിപ്പിക്കയും ചെയ്തു (പ്രവൃത്തികൾ 5:27–40). ദേശത്തിലെ ഉയർന്ന യെഹൂദന്മാരാൽ ഭയങ്കരമായ പരസ്യ ഉപദ്രവം, നേരിട്ടു പോലും, യെരുശലേം വീഥികളിലൂടെ അവരുടെ പുറകിൽ നിന്നു രക്തം ഒഴുകിയിട്ടും, യേശുവിന്റെ നാമത്തിന്നു വേണ്ടി കഷ്ടം സഹിക്കുവാൻ യോഗ്യരായതുകൊണ്ട് സന്തോഷിച്ചു, ക്രിസ്ത്യാനികളോടുള്ള കൂട്ടായ്മയിലേക്കു മടങ്ങിച്ചെന്നു (പ്രവൃത്തികൾ 5:41)! ഈ പുരുഷന്മാർ, ജീവനു - ഭീഷണി ഉയർത്തിയ ഉപദ്രവം ഉണ്ടായിട്ടും, മുൻപു ആടിനെ - പോലെ ആയിരുന്നവർ, ഇപ്പോൾ സിംഹങ്ങളെ പോലെ ദിവസവും അവർക്കു കിട്ടിയ അവസരങ്ങളിലെല്ലാം തുടർന്നു പ്രസംഗിച്ചുകൊണ്ടിരുന്നു (പ്രവൃത്തികൾ 5:42).

സ്ത്രീകൾ വളരെ വ്യത്യസ്ത പുലർത്തി; കാരണം അവർ യേശുവിന്റെ മരണത്തിൽ വിലപിച്ചുകൊണ്ടിരുന്നെങ്കിലും, വൈകാരിക ചഞ്ചലിപ്പ് വളരെ കുറച്ചേ കാണിച്ചുള്ളു (ലൂക്കൊസ് 23:27–31). അവർ യേശുവിന്റെ കല്ലറ അലങ്കരിച്ചു (ലൂക്കൊസ് 23:55, 56) അവർ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ അതിരാവിലെ യേശുവിന്റെ കല്ലറയിലേക്കു പോകുകയും ചെയ്തു (മത്തായി 28:1). ആ സ്ത്രീകൾ, യേശുവിന്റെ അമ്മ മറിയം, മഗ്ദലക്കാരത്തി മറിയ, ശലോമി, യോഹന്നാ, “മറ്റേ മറിയം” (ഒരു പക്ഷെ യാക്കൊബിന്റെ അമ്മയാകാം) ആയിരുന്നു ആദ്യമായി ചെന്നു ശൂന്യമായ കല്ലറ കണ്ടത് (മത്തായി 28:1; മർക്കൊസ് 16:1, 2; ലൂക്കൊസ് 24:10).

120 ശിഷ്യന്മാർ മാളികമുറിയിൽ കൂടിയിരുന്നു മത്ഥിയാസിനെ ഒരപ്പൊസ്തലനായി തിരഞ്ഞെടുക്കുന്ന സന്ദർഭത്തിലും ഈ സ്ത്രീകൾ ഭക്തിപൂർവ്വം സന്നിഹിതരായിരുന്നു (പ്രവൃത്തികൾ 1:14–26). അതുകൊണ്ടു, യേശുവിന്റെ ശിഷ്യന്മാർക്കൊപ്പം സ്ത്രീകളും ഉണ്ടായിരുന്നു എന്നു തോന്നുന്നു, അവർ ശാന്തമായി അവന്റെ വിചാരണ സമയത്തും ക്രൂശീകരണ വേളയിലും, മരണത്തിലും അടക്കത്തിലും സഹകരിക്കുകയായിരുന്നു. അവന്റെ ഉയിർത്തെഴു ന്നേല്പിനു ശേഷം അവർ വിശ്വസ്തതയോടെ സമർപ്പിക്കപ്പെട്ടു പത്രൊസ് തടവിലായിരുന്ന

സമയങ്ങളിൽ സ്ത്രീകൾ ഒരുമിച്ചു പ്രാർത്ഥിക്കയും ചെയ്തിരുന്നു (പ്രവൃത്തികൾ 12:12).

യേശുവിന്റെ ശരീരം ക്രൂശിൽ നിന്നിറക്കി അടക്കം ചെയ്യുവാൻ അരിമത്യക്കാരനായിരുന്ന യോസേഫ് അവകാശം ഉന്നയിച്ചു. അവൻ ന്യായാധിപസംഘത്തിലെ അംഗമായിരുന്നതിനാൽ, അവന്റെ ശിഷ്യത്വം തികച്ചും അസാധാരണമായിരുന്നു (ലൂക്കൊസ് 23:50). "യെഹൂദന്മാരെ പേടിച്ചു," ഒരു രഹസ്യ ശിഷ്യനായിരുന്നു അവൻ (യോഹന്നാൻ 19:38). അവൻ പരസ്യമായി യേശുവിന്റെ ശരീരം ആവശ്യപ്പെട്ടതു കൊണ്ട് പിന്നെ ഒരിക്കലും അവന്റെ ശിഷ്യത്വം രഹസ്യമായി വെച്ചിരിക്കാൻ കഴിയുകയില്ല. ശവമടക്കാൻ അവനെ സഹായിച്ചു കൊണ്ട് നിക്കോദേമൊസ് സുഗന്ധവർഗ്ഗം കൊണ്ടു വന്നു യോസേഫി നെ സഹായിച്ചു (യോഹന്നാൻ 19:39, 40). അവനും "യെഹൂദന്മാരുടെ ഒരു പ്രമാണിയും,'' ന്യായാധിപസംഘത്തിലെ അംഗവുമായിരുന്നു (യോഹന്നാൻ 3:1). ഈ രണ്ടു പുരുഷന്മാരും ധൈര്യത്തോടെ യേശുവിന്റെ അടക്കം നടത്തിയതുകൊണ്ട്, അവർക്കു ന്യായാധിപ സഭയിലും യെഹൂദസമൂഹത്തിലും ഉണ്ടായിരുന്ന സ്ഥാനം മാറുകയും അവർക്കു യേശുവിനോടുള്ള സമർപ്പണവും ഊഹിക്കാൻ കഴിയും.

120 സഹോദരന്മാർ, ക്രൂശീകരണം കഴിഞ്ഞ് ആറാഴ്ച്ചയിൽ താഴെ മാത്രമേ സമയം ആയുള്ളുവെങ്കിലും, അവർ വിശ്വസ്തതയോടും ഭക്തിയോടും കൂടി വന്നിരുന്നു (പ്രവൃത്തികൾ 1:15). അപ്പൊസ്തല ന്മാർക്കും സ്ത്രീകൾക്കും പുറമെ, യേശുവിന്റെ സഹോദരന്മാരും കൂടി വന്നിരുന്നു. മുൻപ്, മറിയത്തിന്റെ മറ്റു മക്കൾ യേശു മശിഹ ആണെന്നു വിശ്വസിച്ചിരുന്നില്ല. കൂടാരപ്പെരുന്നാളിനു പോയി അത്ഭുതങ്ങൾ ചെയ്തു തന്റെ അവകാശങ്ങൾ തെളിയിക്കാത്തതിനു അവർ അവനെ പരിഹസിക്കപ്പോലും ചെയ്തു (യോഹന്നാൻ 7:1-5). അവന്റെ അർദ്ധ - സഹോദരന്മാരിൽ ഒരാളായ, യാക്കൊബ്, സഭയിൽ പ്രമുഖനായി ത്തീർന്നു, യെരുശലേം മീറ്റിങ്ങിൽ പരിഛേദന എന്ന പ്രശ്നം പരിഹരിക്കുന്നതിനു അദ്ധ്യക്ഷനും ആയിരുന്നു (പ്രവൃത്തികൾ 15:13). അവൻ യെരുശലേം സഭയുടെ ഒരു "തൂണ്" ആയും അറിയപ്പെടു കയും (ഗലാത്യർ 1:19; 2:9, 12), കൂടാതെ അവൻ പുതിയ നിയമത്തിലെ ഒരു ദൈവ ശ്വാസിയലേഖകൻ കൂടെയായിരുന്നു (യാക്കൊബ് 1:1).

യേശുവിനെ പിടിച്ചു വിചാരണ ചെയ്യുന്നതിനും പെന്തെക്കൊസ്തു നാളിനും ഇടക്കു, നാടകീയമായ മാറ്റങ്ങൾ സംഭവിച്ചു. മുൻപു, ശിഷ്യന്മാർ ചഞ്ചലപ്പെട്ടിരുന്നു; പിന്നെ അവരിലെല്ലാവരിലും കർത്താവായ യേശുവിനോടു വലിയ ഭയം (ബഹുമാനം ഉണ്ടായി) (പ്രവൃത്തികൾ 2:43). ആദ്യ ക്രിസ്ത്യാനികൾ വിശ്വാസത്തിന്റെയും പരിശീലനത്തിന്റെയും ഐക്യത പ്രകടമാക്കി; പരസ്പരം മനസ്സലിവും സ്നേഹവും ഉള്ളവരായി; കൂട്ടായ്മയിലും ആരാധനയിലും അവർ ഒരു മനപ്പെട്ടിരുന്നു (പ്രവൃത്തികൾ 2:42-44). അതിനു മുൻപോ പിൻപോ അപൂർവ്വമായി കാണുന്ന രീതിയിൽ അവർ തങ്ങളുടെ സഹ ക്രിസ്ത്യാനികളുടെ ആവശ്യങ്ങൾ നിറവേറ്റി (പ്രവൃത്തികൾ 2:44, 45; 4:32-35). അവരുടെ ജീവിതത്തിലെ സമർപ്പണത്തിൽ സംഭവിച്ചതിന്റെ

ഫലമായി എല്ലാ കാലത്തേക്കും പ്രസിദ്ധമായ ഒരു മാറ്റൊലി ഉയർന്നു.

**മറ്റുള്ളവരുടെ സമർപ്പണങ്ങൾ**

ക്രിസ്തുവിലേക്കു തങ്ങളുടെ ജീവിതങ്ങൾ സമർപ്പിക്കപ്പെട്ട പ്രവൃത്തികളുടെ പുസ്തകത്തിലെ പല ധൈര്യശാലികളെയും നമുക്കു നോക്കാം. ഒരു ലേവ്യനായിരുന്ന, ബർന്നബാസ്, കുപ്രൊസ് ദ്വീപിലെ ഒരു നിലത്തിന്റെ ഉടമയായിരുന്നു; ആദ്യ ശിഷ്യന്മാർക്കു പണം ആവശ്യമായി വന്നപ്പോൾ, അവൻ അതു ആവശ്യമുള്ളവർക്കു വിതരണം ചെയ്യുവാനായി അപ്പൊസ്തലന്മാരുടെ കാൽക്കൽ കൊണ്ടുവെച്ചു (പ്രവൃത്തികൾ 4:36, 37). പിന്നീട്, സഹോദരന്മാരെ ഉപദ്രവിക്കുന്നതിൽ പ്രമുഖനായിരുന്ന തർസൊസുകാരനായിരുന്ന ശൗലിനു വേണ്ടി അവൻ ഇടപെടുന്നുണ്ട് (പ്രവൃത്തികൾ 9:26, 27). ബർന്നബാസ് തന്റെ ജീവിതം പ്രസംഗത്തിനു വേണ്ടി ഉഴിഞ്ഞു വെച്ചതുകൊണ്ട്, ആദ്യത്തെ മിഷണറിയാത്രയിൽ അവൻ പൗലൊസി നോടുകൂടെ ഉണ്ടായിരുന്നു (പ്രവൃത്തികൾ 13:2). ആ യാത്രയുടെ അവസാനം, യെരുശലേമിൽ പരിച്ഛേദനാ പ്രശ്നം ചർച്ചചെയ്യുന്ന സമയത്ത് അവൻ പൗലൊസിനോടുകൂടെ ഉണ്ടായിരുന്നു (ഗലാത്യർ 2:1); പക്ഷെ, അവൻ പത്രൊസിനോടു കൂടെ, തെറ്റായ പ്രവൃത്തിക്കു, കൂട്ടു നിന്നു. തൽഫലമായി, അവരെ ശാസിക്കേണ്ടതാണെന്നു പൗലൊസ് വിശ്വസിച്ചു (ഗലാത്യർ 2:13, 14). ബർന്നബാസ് ഒരു പ്രമുഖ ഉപദേഷ്ടാവും പ്രാസംഗികനും ആയി അന്ത്യോക്യയിൽ തുടർന്നു (പ്രവൃത്തികൾ 15:35), അവനും പൗലൊസും വേർപിരിഞ്ഞപ്പോൾ മറ്റു മിഷണറിയാത്രയും നടത്തുന്നുണ്ട് (പ്രവൃത്തികൾ 15:39). അവനും, കൂടെ, ക്രിസ്തുവിനോടു സമർപ്പിക്കപ്പെട്ടിരുന്നു.

സ്തെഫാനൊസ്, ഭീമാകാരനായ ഒരു ഉപദേഷ്ടാവിനും, തീഷ്ണതയും പരാക്രമമുള്ള നിലയിൽ കർത്താവിനു സമർപ്പിക്കപ്പെട്ടവനുമായിരുന്നു. അപകടകരമായി ഇളകി - മറിഞ്ഞ യെഹൂദന്മാരെ അവൻ ഭയപ്പെട്ടില്ല; അവന്റെ ജീവൻ പൊയ്പ്പോകുന്ന സമയത്തും, തന്റെ ഘാതകികൾക്കു വേണ്ടി അവൻ പ്രാർത്ഥിച്ചു (പ്രവർത്തികൾ 7:54-60).

ശിഷ്യന്മാർക്കിടയിൽ യവന വിധവമാരെ ഉപേക്ഷയായി വിചാരിക്കുന്നതിനെ തിരുത്തി സേവനത്തിൽ പ്രത്യേകമായി അവരെ സേവിക്കുന്നതിനായി തിരഞ്ഞെടുത്ത ഏഴുപേരിൽ ഒരാളായിരുന്നു ഫിലിപ്പൊസ് (പ്രവൃത്തികൾ 6:1-5). അവൻ പിന്നീട് യെരുശലേം വിട്ട് ശമര്യ പട്ടണത്തിൽ പ്രസംഗിക്കുവാൻ പോകുകയും. തൽഫലമായി കർത്താവിനോടുള്ള പ്രതികരണത്തിൽ അവിടെ വലിയ നവോത്ഥാനം ഉണ്ടാവുകയും ചെയ്തു (പ്രവൃത്തികൾ 8:5, 6). ദൂതൻ വിളിച്ചതു കൊണ്ട് ആ വലിയ പ്രവൃത്തി വിട്ടു, തേരിൽ സഞ്ചരിക്കുന്ന ഐത്യോപ്യനോടു "സുവിശേഷം പ്രസംഗിക്കുവാനുള്ള" അവസരം ഉപയോഗിക്കുന്നതായി കാണാം (പ്രവൃത്തികൾ 8:26-35). പിന്നെ, അവൻ അസ്തൊദിലും കൈസര്യയിലേക്കുള്ള വഴിയിൽ എല്ലാ പട്ടണങ്ങളിലും പ്രസംഗിച്ചുകൊണ്ട് കൈസര്യയിലെത്തി (പ്രവൃത്തികൾ 8:40). കൈസര്യയിൽ വർഷങ്ങളോളം, സുവിശേഷകനായിത്തന്നെ പ്രവർ

ത്തിച്ചിരുന്നതായിരിക്കുന്നു; അവന്നു പ്രവചിക്കുന്ന ഏഴു കന്യക മാരായ പുത്രിമാർ ഉണ്ടായിരുന്നു. പൗലൊസിന്റെ മൂന്നാം മിഷണറി യാത്രയിൽ അവനോടു കൂടെ ഉണ്ടായിരുന്നവരെയെല്ലാം അവൻ ആതിഥേയത്വം നല്കി സ്വീകരിക്കയുണ്ടായി (പ്രവൃത്തികൾ 21:8). അവന്റെ ജീവിതം അവൻ ക്രിസ്തുവിന്നായി സമർപ്പിച്ചിരുന്നു.

തർസൊസുകാരനായ ശൗൽ ക്രൂശിന്റെ പടയാളികളായി നില്ക്കുന്നവരിൽ ഒരാളായിത്തീർന്നു, താൻ ചെയ്തതിലെല്ലാം ആ ഉദ്ദേശം ഉണ്ടായിരുന്നു (പ്രവൃത്തികൾ 9:27-29). മുൻപു, അവൻ ക്രിസ്ത്യാനികളെ ഉപദ്രവിക്കുക എന്ന ലക്ഷ്യത്തിലായിരുന്നു (പ്രവൃത്തികൾ 7:58; 8:1; 9:21). പ്രാഥമിക സഭാചരിത്രത്തിലെ തന്നെ ഏറ്റവും സുപ്രധാന സംഭവമായിരുന്നു ക്രിസ്തുവായ യേശുവിനോടുള്ള അവന്റെ സമർപ്പണതീരുമാനം. മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു ദൈവ പുത്രനെന്ന് തെളിയിക്കപ്പെട്ട ഉത്തരമില്ലാത്ത സത്യമായിരുന്നോ അവന്റെ മനസ്സിനെ മാറ്റിയത് (റോമർ 1:4)? ഈ ഉപദ്രവകാരിയുടെ പരിവർത്തനശേഷം, പാലസ്തീനിലെ മൂന്നു പ്രവിശ്യകളിലും ഇടവകകൾക്കു ധൃതഗതിയിൽ സമാധാനം വർദ്ധിച്ചുവെന്നു, ലൂക്കൊസ് രേഖപ്പെടുത്തി (പ്രവൃത്തികൾ 9:31). യേശുവിനോടുള്ള ശൗലിന്റെ സമർപ്പണം ആദ്യസഭയിൽ പ്രകടമായ മാറ്റം ഉണ്ടായി!

യോപ്പയിലെ സ്ത്രീയായ, തബീഥയുടെ "സൽ - പ്രവൃത്തികൾ" മറ്റുള്ളവരെ കുരുതുന്ന, അന്തസ്സായ സമർപ്പണമാണ്, കാണിച്ചത്. മറ്റുള്ളവരെ കരുതുന്ന അവളുടെ സേവന വൈഭവം മരണശേഷവും അവളെ പ്രശംസിക്കുന്ന രീതിയിലുള്ളതായിരുന്നു (പ്രവൃത്തികൾ 9:36-39). കർത്താവിനോടുള്ള അവളുടെ സമർപ്പണം മരണശേഷവും പ്രത്യക്ഷമായ ഫലമുളവാക്കുന്ന ഔദാര്യപ്രവർത്തനം ആയിരുന്നു.

നല്ല, ധാർമ്മികനായ ഒരാളായിരുന്നു കൊർന്നെല്യൊസ്, ഇന്നും, ആരെയും താരതമ്മ്യം ചെയ്യാനാവാത്ത ധാർമ്മിക സ്വഭാവത്തിനുടമയായിരുന്നു അവൻ (പ്രവൃത്തികൾ 10:1, 2, 22). ജാതികളിൽ നിന്നു ആദ്യമായി പരിവർത്തനം ചെയ്തവൻ ആയിരുന്നു അവൻ, അവന്റെ പരിവർത്തന സംഭവം വർഗ്ഗീയ ദുരഭിമാനം നീക്കം ചെയ്യുവാൻ യേശു ചെയ്ത ഒരു അതിർത്തിക്കല്ലായിരുന്നു.

സെർഗൊസ് പൗലൊസ് കുപ്രൊസ് ദ്വീപിലെ, ദേശാധിപതിയായിരുന്നു അവൻ. ഏലിമാസ് എന്ന മാന്ത്രിക വിദ്വാൻ പൗലൊസിന്റെ പ്രവർത്തനത്തെ തടുത്തതുകൊണ്ട് താൽക്കാലികമായി അന്ധനാക്കിയതു കണ്ട്, അവൻ ക്രിസ്തുവിനോടു സമർപ്പിക്കപ്പെട്ടു (പ്രവൃത്തികൾ 13:6-12).

ലുദിയ തുയത്തൈര പട്ടണത്തിൽ നിന്നുള്ള ഒരു കച്ചവടക്കാരിയായിരുന്നു, ഫിലിപ്പിയയുടെ സന്ദർശനത്തിൽ, പ്രാർത്ഥനാ സ്ഥലത്തു വെച്ചു അവൾ പൗലൊസിനെ കണ്ടുമുട്ടി. അവൾ മുൻപുതന്നെ ദൈവത്തെ ആരാധിക്കുന്നവൾ ആയിരുന്നു, അവൾ പെട്ടെന്നു സത്യത്തോടു പ്രതികരിച്ചു, പിന്നെ അവൾ പൗലൊസിനെയും കൂട്ടരെയും അവളുടെ അതിഥി സൽക്കാരത്തിനു ക്ഷണിച്ചു (പ്രവൃത്തികൾ 16:13-15). അവളുടെ സമർപ്പണത്തിന്റെ തെളിവുകളായി

രുന്നു അവളുടെ ഔദാര്യവും അതിഥി സൽക്കാരവും.

ഫിലിപ്പിയയിലെ കാരഗൃഹപ്രമാണി തന്റെ ജീവിതത്തെ നേരെ തിരിച്ചു, തന്റെ കുടുംബത്തെ മുഴുവൻ ക്രിസ്ത്യാനികൾ ആകുവാൻ പ്രേരിപ്പിച്ചു (പ്രവൃത്തികൾ 16:27–34). തന്റെ തടവുകാരായിരുന്നു പൗലൊസിനെയും ശീലാസിനെയും, അടിച്ചതിൽ കുണ്ഠിതപ്പെട്ടു, ഉടനെ മാനസ്സാന്തരപ്പെട്ടു അവൾക്കു കാണിച്ചുകൊടുത്തു. അവൻ അവരെ വ്യക്തിപരമായി അവന്റെ വീട്ടിലേക്കു കൊണ്ടുപോയി, ആഹാരം കൊടുക്കുകയും കരുതുകയും ചെയ്തു.

കൊരിന്തിലെ ഒരു യെഹൂദ പള്ളിപ്രമാണിയായിരുന്നു, ക്രിസ്പൊസ്, അവൻ പൊലൊസിനോടുകൂടെ തന്റെ സഹ യെഹൂദന്മാരുടെ ദൂഷണത്തെ എതിർത്തുനിന്നു. ക്രിസ്തുവിനു ചേരുവാൻ സ്നാനമേല്ക്കുന്ന തീരുമാനം അവൻ മാത്രമായിരുന്നു എടുത്തത്, അവന്റെ പരിവർത്തനം കൊരിന്തിലെ മറ്റു പലരേയും വിശ്വസിക്കുന്നതിനും സ്നാനം ഏല്ക്കുന്നതിനും പ്രചോദിക്കയുണ്ടായി (പ്രവൃത്തികൾ 18:8). അത്തരം പള്ളിപ്രമാണി എത്ര പ്രമുഖനായിരുന്നു എന്നു ഒരാൾ ഓർക്കണം; ക്രിസ്തുവിനോടുള്ള അവന്റെ സമർപ്പണം കൊരിന്തിലെ യെഹൂദ സമൂഹത്തിൽ മുഴുവൻ തകർപ്പൻ ഫലമുണ്ടാക്കി.

അപ്പൊല്ലോസ് എന്നു പേരുള്ളോരു ഉപദേഷ്ടാവിനു കൂടുതൽ പഠനം വേണമെന്നും പ്രവൃത്തികളുടെ പുസ്തകം പറയുന്നു. യോഹന്നാൻ സ്നാപകന്റെ ഉപദേശത്തിൻ കീഴിൽ പരിവർത്തനം ചെയ്തു, സത്യം പഠിപ്പിക്കുവാൻ തുടങ്ങി. സഭ സ്ഥാപിക്കപ്പെട്ട ശേഷം, യോഹന്നാൻ സ്നാപകന്റെ ഉപദേശം പിന്നെ ആവശ്യമില്ല, കാരണം യേശു മരിക്കയും രാജ്യം - കർത്താവിന്റെ സഭ - അതിന്റെ വാഴ്ച്ച ഭൂമിയിൽ തുടങ്ങുകയും ചെയ്തു (പ്രവൃത്തികൾ 18:24, 25). എഫെസൊസിലെ യോഹന്നാന്റെ സ്നാനം ഏറ്റു ഒരു ഡസനോളം ആളുകൾ അപ്പൊല്ലോസിന്റെ ഉപദേശം കേട്ടുകൊണ്ടിരുന്നു, ആ സ്നാനത്തിനു അപ്പോൾ പ്രസക്തിയില്ലായിരുന്നു. പൗലൊസ് അവരെ ക്രിസ്തു കല്പിച്ച, സ്നാനം കഴിപ്പിച്ചു.[1] അവരുടെ ആദ്യ സ്നാനം, വിലയില്ലാതെ കാല - ഹരണപ്പെട്ടു - പോയി, അതു ആത്മിയമായി അവർക്ക് ഒന്നുമല്ലാതായി. എഫെസൊസിൽ യേശുവിന്റെ ശിഷ്യന്മാരെ കണ്ടപ്പോൾ പൗലൊസ് അതിശയിച്ചു, ഏതെങ്കിലും പട്ടണത്തിൽ സുവിശേഷവുമായി ആദ്യം പോകുന്നതു പൗലൊസ് ആയിരുന്നു. പരിശുദ്ധാത്മാവു ഉണ്ടെന്നു പോലും കേട്ടിട്ടില്ല എന്ന് അവർ പറഞ്ഞുകേട്ടപ്പോൾ, അവരുടെ സ്നാനം ഏതെന്നു അവൻ ചോദിച്ചു (പ്രവൃത്തികൾ 19:1–7) അവൻ ആ പന്ത്രണ്ടു പുരുഷന്മാരെ തിരുത്തി, അവരെ വചന പ്രകാരം സ്നാനപ്പെടുത്തി അവർക്കു പുതിയ ജീവിതം നല്കി.

അക്വിലാസും പ്രിസ്ക്കില്ലയും അപ്പൊല്ലോസിനെ പരിചയപ്പെട്ടപ്പോൾ, അവൻ അപ്പോഴും യോഹന്നാൻ സ്നാപകന്റെ സ്നാനം ഉപദേശിച്ചു കൊണ്ടിരുന്നതായി മനസ്സിലാക്കി. അവർ അവനെ വേർതിരിച്ചു വിളിച്ചുകൊണ്ടു പോയി ക്രിസ്തുവിന്റെ ഉപദേശം കൂടുതൽ സ്പഷ്ടമാക്കിക്കൊടുത്തു, അവൻ ഉടനെ തന്റെ ഉപദേശത്തിലെ ന്യൂനത അവൻ പരിശോധിച്ചു. അവൻ തുടർന്നു കർത്താവിനു വിലയേറിയ

ശക്തനായി ഒരു ഉപദേഷ്ടാവായിത്തീർന്നു (പ്രവൃത്തികൾ 18:26-28).

സമർപ്പണത്തിനു നല്ലൊരു മാതൃകയാണ് അപ്പൊല്ലൊസ്. സ്നാനത്തെക്കുറിച്ചുള്ള തന്റെ ഉപദേശം തെറ്റാണെന്നു മനസ്സിലായപ്പോൾ അതു മാറ്റുവാനുള്ള മനസ്സ് അവനുണ്ടായിരുന്നു. എഫെസൊ സിലെ ക്രിസ്ത്യാനികളെ പൗലൊസ്, "കൃപയാലാണ്" രക്ഷിക്കപ്പെട്ടത് എന്ന് ഓർപ്പിക്കയുണ്ടായി (എഫെസ്യർ 2:8, 9); എങ്കിലും എഫെസൊ സിലെ സംഭവം പിന്തുണച്ചുതീർപ്പാക്കുന്നത് "കൃപയാലുള്ള രക്ഷയിൽ" ഒരാളുടെ സ്നാനം ശരിയാണോ എന്നു പരിശോധിക്കുന്നതും, വീണ്ടും സ്നാനപ്പെടുന്നതും ഉൾപ്പെടുന്നു. സത്യം അവതരിക്കപ്പെടുമ്പോൾ ഒരാൾ ഉപദേശിക്കുന്നതിൽ മുൻപു സ്വീകരിച്ചിട്ടുള്ള തെറ്റായ ആശയ ങ്ങൾ തിരുത്തുന്നതും ഉൾപ്പെടുന്നു.

കർത്താവിന്റെ വേലയിൽ അക്വിലാസിനെയും പ്രിസ്ക്കില്ലയേയും നാം വീണ്ടും വീണ്ടും കാണുന്നുണ്ട്. അവർ പൗലൊസിനോടുകൂടെ കൊരിന്തിലായിരുന്നു എന്നു ആദ്യം പറയുന്നു (പ്രവൃത്തികൾ 18:1-3). പിന്നീട്, അവർ പൗലൊസിനോടു കൂടെ യാത്ര ചെയ്തു എഫെസൊസിൽ കർത്താവിന്റെ വേല ചെയ്തു (പ്രവൃത്തികൾ 18:18, 26). അവിടെ വെച്ചു, പൗലൊസിനൊപ്പം അവരുടെ മുൻപരിചയക്കാരെ വന്ദനം ചെയ്തു (1 കൊരിന്ത്യർ 16:19). പിന്നെ കുറച്ചു കഴിഞ്ഞ്, അവർ റോമിൽ പ്രവർത്തിച്ചു (റോമർ 16:3). അതു, പൗലൊസിന്റെ രണ്ടു വർഷത്തെ റോമിലെ തടവിനുശേഷം ആകാനാണ് കൂടുതൽ സാദ്ധ്യത (പ്രവൃത്തികൾ 28:30, 31), ഈ ദൈവഭക്തരായ ദമ്പതികൾ എഫെസൊസിൽ മടങ്ങിച്ചെന്നു തിമൊഥെയൊസിനൊപ്പം പ്രവർത്തിച്ചു (2 തിമൊഥെയൊസ് 4:19). 2 തിമൊഥെയൊസ് പൗലൊസിന്റെ റോമിലെ തടവിനുശേഷം എഴുതിയിരിക്കാനാണ് സാധ്യത എന്നതുകൊണ്ട്, അക്വില്ലാസിനെയും പ്രിസ്ക്കില്ലയേയും പുതിയ നിയമത്തിൽ അവസാനമായി കാണുന്നത് എഫെസൊസിൽ വെച്ചാണെന്നു കരുതപ്പെടുന്നു. അവരുടെ യാത്രകളും പല സഭകളിലും ഉണ്ടായ ബന്ധങ്ങളും കർത്താവിന്റെ വേലയിൽ ഉണ്ടായിരുന്ന വലിയ സമർപ്പണ സംഭവ വിവരണം നല്കുന്നു.

പൗലൊസ് റോമിൽ തടവിലായിരുന്നപ്പോൾ അവനെ രഹസ്യമായി സന്ദർശിച്ചിരുന്ന കൂട്ടുകാരനായിരുന്നു ഒനേസിമോസ്. എല്ലാവരും തന്നെ വിട്ടുപോയപ്പോൾ, ഒനേസിമോസിന്റെ ഈ സന്ദർശനം പൗലൊസിനു "ആശ്വാസമായി" എന്ന് അവൻ പറയുകയുണ്ടായി (2 തിമൊഥെയൊസ് 1:15, 16). പൗലൊസ് അധിക സമയവും സഹോദര ന്മാരെ പ്രോത്സാഹിപ്പിക്കുന്ന തിരക്കിൽ, ഒനേസിമോസ് പൗലൊസിനെ പ്രോത്സാഹിപ്പിച്ചു. ഒനേസിമോസിനു പൗലൊസിനെ തിരഞ്ഞുകണ്ടു പിടിക്കേണ്ടിയിരുന്നു, പൗലൊസ് തടവിലാക്കിയിരുന്നത് അവനു ഒരിക്കലും മോശമായി തോന്നിയിരുന്നില്ല ("എന്റെ ചങ്ങലകൾ"). കൂടാതെ, കാർത്താവിനു വേണ്ടിയുള്ള എഫെസൊസിലെ അവന്റെ പ്രവർത്തനങ്ങളും പ്രസിദ്ധമായിരുന്നു (2 തിമൊഥെയൊസ് 1:17, 18). അതു ധൈര്യപൂർവ്വമായ സമർപ്പണത്തിന്റെ മറ്റൊരു സംഭവം ആയിരുന്നു.

**ഉപസംഹാരം**

പ്രവൃത്തികളുടെ പുസ്തകം സൗകര്യത്തിന്റേയോ വീട്ടു കാഴ്ച്ചയുടേയോ പുസ്തകമല്ല, പിന്നെയോ *ധൈര്യത്തിന്റേയും സമർപ്പണത്തിന്റേയും* പുസ്തകമാണ്! *ക്രിസ്തുവിനു വേണ്ടി ധർമ്മ സമരം* നടത്തുന്ന പുസ്തകമാണ് അത്; *ഒരു ലക്ഷ്യ*ത്തിനായി നിലകൊള്ളുന്ന ജ്വലിപ്പിക്കുന്ന *സമർപ്പണമാണ്* അത്. വിലയുള്ളതാണ് എങ്കിലും, ചിലപ്പോൾ ജീവൻ പോലും നല്കുന്നുണ്ട്, വിശ്വാസ്തമായി യേശുവിനെ പിൻപറ്റുന്നതു പ്രദർശിപ്പിച്ചിരിക്കയാണ് ഈ പുസ്ത കത്തിൽ. പിതാവും പുത്രനും മുൻപു അനുഷ്ഠിച്ചതായ ത്യാഗത്തെ ഓർക്കുമ്പോൾ ശിഷ്യന്മാരുടെ ത്യാഗമൊന്നും അത്ര വലുതല്ല. പ്രവൃത്തികളിലെ ഓരോ പരിവർത്തന സംഭവവും ഓരോ വിലയുള്ള സമർപ്പണം ആയിരുന്നു. തന്നോടുള്ള സമർപ്പണത്തിനു ആദ്യം തന്നെത്താൻ ത്യജിക്കണം എന്നു കർത്താവു പറഞ്ഞു (മത്തായി 16:24).

നമ്മുടെ ഏറ്റവും നല്ലതിൽ കുറച്ചൊന്നും യേശു സ്വീകരിക്കുന്നില്ല. പകുതി - പകുതി - ക്രിസ്ത്യാനിത്വം പോരാ. ഹൃദയത്തിന്റെ ഒരു ഭാഗം കർത്താവിനോടുള്ള ധ്യാനത്തിനും മറ്റൊരു ഭാഗം ലോകത്തിനുമായി വിഭജിക്കാൻ സാധ്യമല്ല. ലോകത്തോടുള്ള സനേഹം ദൈവത്തിനു “ശത്രുതയാകുന്നു” (യാക്കൊബ് 4:4). കർത്താവിനെ അനുഗമിക്കേണ്ട ത് പൂർണ്ണഹൃദയത്തോടെ മാത്രമായിരിക്കണം, 100 ശതമാനം, തികച്ചും പൂർണ്ണമായും അവന്റെ സേവനത്തിനായി നല്കണം. വലുതും ഒന്നാമത്തേതുമായ കല്പന ദൈവത്തെ പൂർണ്ണഹൃദയത്തോടും, പൂർണ്ണമനസ്സോടും, പൂർണ്ണശക്തിയോടും, പൂർണ്ണാത്മോവോടും കൂടെ സ്നേഹിക്കുക എന്നതാണ് (മത്തായി 22:37, 38).

---

കുറിപ്പ്

[1]അപ്പൊല്ലൊസ് ഏറ്റ സ്നാനം പ്രാബല്യത്തിലിരുന്നതാണ്, കാരണം അന്നു യോഹന്നാന്റെ സ്നാനം നിലവിലിരുന്ന സമയം ആയിരുന്നു. അതേ സന്ദർഭത്തിൽ ലൂക്കൊസ് പന്ത്രണ്ടു ശിഷ്യന്മാരുടെ പുന:സ്നാനം നടന്നപ്പോൾ അപ്പൊല്ലോസ് വീണ്ടും സ്നാനമേറ്റതായി പറയുന്നില്ല. യോഹന്നാന്റെ സ്നാനം ശരിയായ സമയത്ത് എടുത്തവർ പ്രവൃത്തികൾ 2 ലെ പെന്തെക്കൊസ്തു നാളിൽ പുന:സ്നാനം എടുക്കേണ്ടതല്ലായിരുന്നു എന്നു തീർച്ചപ്പെടുത്താം.

© 2009 Truth for Today